



Govt. DVHSS Charamangalam



അഭിനന്ദനങ്ങളോടെ...
ഗവൺമെന്റ് ഡി.വി.എച്ച്.എസ്.എസ്. ചാരമംഗലം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് (Little Kites) അംഗങ്ങൾക്കും അവർക്ക് നേതൃത്വം നൽകുന്ന കൈറ്റ് മാസ്റ്റർമാർക്കും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ!

നമ്മുടെ വിദ്യാലയത്തിലെ വിവരസാങ്കേതിക മേഖലയ്ക്ക് പുതിയ ഉണർവ് നൽകിക്കൊണ്ട് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നടത്തിവരുന്ന പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമാണ്. ഡിജിറ്റൽ സാക്ഷരതയും സാങ്കേതിക വിദ്യയും സാധാരണ വിദ്യാർത്ഥികളിലേക്കും സമൂഹത്തിലേക്കും എത്തിക്കുന്നതിൽ നിങ്ങൾ കാട്ടുന്ന താൽപ്പര്യവും കഠിനാധ്വാനവും പ്രശംസനീയമാണ്.

ഈ കൂട്ടായ്മയുടെ ഓരോ ചുവടുവെപ്പും നമ്മുടെ വിദ്യാലയത്തിന്റെ യശസ്സ് ഉയർത്തുന്നതാണ്. വരും ദിനങ്ങളിലും കൂടുതൽ നവീനമായ പദ്ധതികളുമായി മുന്നേറാൻ നിങ്ങൾക്കേവർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

രശ്മി കെ. പ്രിൻസിപ്പൽ, ജി. ഡി.വി.എച്ച്.എസ്.എസ്. ചാരമംഗലം



കുട്ടികളിൽ വിവര വിനിമയ സാങ്കേതിക വിദ്യയും കലാ വാസനയും പരിപോഷിപ്പിക്കുന്ന ലിറ്റിൽ കൈറ്റ്സ് ന്റെ ഈ മാഗസിന് ആദ്യമേ തന്നെ ആശംസകൾ നേരുന്നു. നമ്മുടെ വിദ്യാർത്ഥികൾക്ക് അവരുടെ സർജനാത്മകതയും ആശയങ്ങളും പ്രകടിപ്പിക്കാനുള്ള മനോഹരമായ വേദിയാണ്. മാഗസിൻ പ്രസിദ്ധീകരിക്കുന്നതിനു പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും വിദ്യാർഥികൾക്കും എന്റെ അഭിവാദ്യങ്ങൾ

സ്നേഹപൂർവ്വം

മിനി പി ഐ, ഹെഡ്മിസ്ട്രസ്



ഗവൺമെന്റ് ഡി.വി.എച്ച്.എസ്.എസ്. ചാരമംഗലം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് കൈവരിച്ച സമാനതകളില്ലാത്ത നേട്ടത്തിൽ പി.ടി.എ കമ്മിറ്റിക്കുള്ള വലിയ അഭിമാനവും സന്തോഷവും ആദ്യമേ അറിയിക്കട്ടെ. നമ്മുടെ സ്കൂളിലെ കുട്ടികളുടെ സാങ്കേതിക മികവിനും കഠിനാധ്വാനത്തിനും ലഭിച്ച വലിയൊരു അംഗീകാരമാണ് സംസ്ഥാനതലത്തിൽ ആലപ്പുഴ ജില്ലയിൽ ഒന്നാം സ്ഥാനം എന്ന ഈ തിളക്കമാർന്ന നേട്ടം.

ഡിജിറ്റൽ യുഗത്തിൽ അറിവിനൊപ്പം സാങ്കേതികവിദ്യയെ ക്രിയാത്മകമായി ഉപയോഗിക്കാൻ നമ്മുടെ കുട്ടികൾ പ്രാപ്തരാണെന്ന് ഈ വിജയം തെളിയിക്കുന്നു. ഈ മികവിന്റെ തുടർച്ചയെന്നോണം ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ ഏറെ പ്രതീക്ഷയോടെയാണ് ഞങ്ങൾ നോക്കിക്കാണുന്നത്. കുട്ടികളുടെ സർഗ്ഗാത്മകതയും സാങ്കേതിക നൈപുണ്യവും കോർത്തിണക്കി പുറത്തിറക്കുന്ന ഈ മാഗസിൻ വിദ്യാലയത്തിന്റെ ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലായി മാറും എന്നതിൽ തർക്കമില്ല.

ഈ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും അവർക്ക് ശരിയായ ദിശാബോധം നൽകിയ അധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനൊപ്പം തന്നെ കുട്ടികളുടെ ഇത്തരം സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കാൻ പി.ടി.എ എപ്പോഴും കൂടെയുണ്ടാകും.

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനും അവരുടെ ഡിജിറ്റൽ മാഗസിനും എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

ശ്രീ. എം.ടി. ഗിരിപ്രസാദ്
പി.ടി.എ. പ്രസിഡന്റ്
ഗവൺമെന്റ് ഡി.വി.എച്ച്.എസ്.എസ്. ചാരമംഗലം

# Editor's LETTER



Greetings to all,
It is with great pride and happiness that we present this edition of the Little Kites Magazine of Govt. DVHSS Charamangalam. Serving as the Chief Editor has been a meaningful journey filled with creativity, teamwork, and learning. This magazine is a reflection of our students' talents, ideas, and innovation. Every article, artwork, and project represents dedication and imagination. It showcases how young minds can create something impactful when given the right guidance and opportunity.
As the Chief Editor, from planning the layout to shaping each page with care, this process strengthened our creativity, patience, and technical skills. It was a challenging yet rewarding experience that taught me the true value of commitment and teamwork.
I sincerely thank our respected teachers, coordinators, and all the students who contributed their wonderful works. Your support made this possible.

I hope you enjoy reading every page of our magazine as much as we enjoyed designing and creating each one of them.

,From the Chief Editor

"Conceptualized, crafted, and brought to life with creativity"!

Thank You

VIMALSAD

# Editorial Board



MADHAV SUJITH



HARIKA MR



VIMALSAD.S



SREELEKSHMI CR



ANDERS PERERA



SHAJI PJ
LK MENTOR



VIJUPRIYA VS
LK MENTOR

# CONTENTS


| | |
|---|---|
| School History | 01 |
| LK Activities | 06 |
| LK Posters | 28 |
| Student Writings | 36 |
| Student's Artworks | 43 |

# Govt DVHSS Charamangalam



## എന്റെ സ്കൂൾ എന്റെ അഭിമാനം

ആലപ്പുഴ ജില്ലയിലെ ചേർത്തല വിദ്യാഭ്യാസ ജില്ലയിൽ ചേർത്തല ഉപജില്ലയിലെ ചാരമംഗലം അഥവാ കൂറ്റുവേലി എന്ന സ്ഥലത്തുള്ള ഒരു സർക്കാർ വിദ്യാലയമാണ് ഗവ ഡി വി എച്ച് എസ് എസ് ചാരമംഗലം. ഗവ ഡി വി ഹയർസെക്കൻഡറി സ്കൂളിലെ പഠന -പഠനേതര മേഖലകളിൽ ഉണ്ടായ കുതിപ്പും വളർച്ചയും നാടിനും സമൂഹത്തിനും മുതൽക്കൂട്ട് ആവുകയാണ്. അക്കാദമിക- വൈജ്ഞാനിക രംഗത്തെ മുന്നേറ്റങ്ങൾ, ദേശീയ കായിക ഭൂപടത്തിലെ മികവുകൾ എന്നിവ നമ്മുടെ സ്കൂളിനെ തിളക്കമുള്ളതാക്കുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയരുകയാണ്, നല്ല പൗരന്മാരെ വാർത്തെടുക്കുന്നതിൽ പൊതു വിദ്യാലയങ്ങൾക്ക് അനുപമമായ പങ്കുണ്ട്. ഈ ഉയർച്ചക്ക് നേതൃത്വം വഹിക്കുന്നത് ദീർഘവീക്ഷണമുള്ള ഭരണ സംവിധാനവും അർപ്പണ ബോധമുള്ള അധ്യാപകരും ആത്മാർത്ഥതയുള്ള പി.റ്റി. എ യും ആണ്. ഗുണനിലവാരമുള്ള വിദ്യാഭ്യാസമെന്നാൽ അക്കാദമിക പ്രവർത്തനങ്ങൾ മാത്രമല്ല, കുട്ടികളുടെ സർഗ്ഗവാസനകളെയും കായിക മികവുകളെയും പരിപോഷിപ്പിക്കുന്നതാകണം. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലെ വേറിട്ട കാഴ്ചപ്പാടുകൾ തികച്ചും ഗ്രാമിണമേഖലയിൽ സ്ഥിതിചെയ്യുന്ന, സാധാരണക്കാരുടെ കുട്ടികൾ പഠിക്കുന്ന, കാർഷിക സംസ്കൃതിയുള്ള ഈ ജൈവ സ്കൂളിനെ മറ്റ് വിദ്യാലയങ്ങളിൽനിന്നും വ്യത്യസ്തമാക്കുന്നു .2021-22 വർഷത്തെ മികച്ച പി റ്റി എക്കുള്ള സംസ്ഥാന പുരസ്കാരത്തിൽ മൂന്നാം സ്ഥാനം. ഗവ ഡിവി എച്ച്എസ്എസ് , ചാരമംഗലം സ്കൂൾ ഏറ്റുവാങ്ങി. 3 ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം,.പൊതു വിദ്യാഭ്യാസ വകുപ്പിനു വേണ്ടി കൈറ്റ് തയ്യാറാക്കിയ ഓൺലൈൻ വിജ്ഞാനകോശമായ സ്കൂൾ വിക്കിയിലെ പങ്കാളിത്ത രൂപത്തിലുള്ള വിവരശേഖരണ മികവിനുള്ള അംഗീകാരമായി ,2021-22 ലെ സംസ്ഥാനതല ശബരീഷ് സ്മാരക സ്കൂൾ വിക്കി അപ്ഡേഷൻ മത്സരത്തിൽ ജില്ലാ തലത്തിൽ ഒന്നാം സ്ഥാനവും , 2023-24വർഷത്തെ ജില്ലയിലെ മികച്ച ലിറ്റിൽ കൈറ്റ് സ് യൂണിറ്റിനുള്ള രണ്ടാം സ്ഥാനവും 2025-26വർഷത്തെ ജില്ലയിലെ മികച്ച ലിറ്റിൽ കൈറ്റ് സ് യൂണിറ്റിനുള്ള ഒന്നാം സ്ഥാനവും കരസ്ഥമാക്കി കൊണ്ട് ഗവ. ഡി.വി എച്ച് എസ് ചാരമംഗലം ജില്ലക്ക് അഭിമാനമായി മാറിയിരിക്കുന്നു . സംസ്ഥാന അദ്ധ്യാപക പുരസ്കാരം കരസ്ഥമാക്കിയ പ്രഥമാധ്യാപകൻ ശ്രീ റ്റി ജി സുരേഷ് , കായികാദ്ധ്യാപകൻ ശ്രീ പ്രതാപൻ ,ഡി വി എച്ച് എസ് എസ്സിന്റെ ഒളിമ്പ്യൻ ശ്രീ. കെ. ജെ. മനോജ് ലാൽ- എന്നിവർ ഈ സ്കൂളിന്റെ അഭിമാന സ്തംഭങ്ങളാണ് .നമ്മുടെ വിദ്യാലയത്തിന്റെ വളർച്ച ഒരു തുടർച്ചയാണ് .പല മേഖലകളിൽ നിരവധി പുരസ്കാരങ്ങൾ ഈ സ്കൂളിനെ തേടിയെത്തിയിട്ടുണ്ട്. എത്രയോ മഹാരഥന്മാർ ചോരയും നീരും നൽകി വെള്ളവും വളവും നൽകി പടുത്തുയർത്തിയ മഹാ സ്ഥാപനം. അദ്ധ്യാപകർ, രക്ഷിതാക്കൾ, അനദ്ധ്യാപകർ, പി.ടി എ ഭാരവാഹികൾ, സാമൂഹ്യ പ്രവർത്തകർ , പൂർവ്വ - വിദ്യാർഥികൾ , നല്ലവരായ നാട്ടുകാർ എല്ലാവരും ഈ ചങ്ങലയിലെ കണ്ണികളാണ്....” എല്ലാവരേയും നന്ദിയോടെ സ്മരിക്കുന്നു.

സ്കൂൾ ചരിത്രം

ഗവൺമെന്റ് ദുർഗാ വിലാസിനി ഹയർ സെക്കന്ററി സ്കൂൾ (Govt: D.V.H.S.S), ചേർത്തല ആലപ്പുഴ നാഷണൽ ഹൈവേയിൽ തിരുവിഴ കവലയിൽ നിന്നും കിഴക്കോട്ട് 1 കിലോമീറ്റർ ഉള്ളിലായാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്.കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ ഏക ഹയർ സെക്കന്ററി സ്കൂളാണിത്. ഈ പ്രദേശത്താകെ അക്ഷരവെളിച്ചം നൽകിയ ഈ സ്കൂൾ, കായികരംഗം ഉൾപ്പടെ വിവിധമേഖലകളിൽ പ്രശസ്തരായി തീർന്ന നിരവധി പ്രതിഭകളെ സംഭാവനചെയ്തിട്ടുണ്ട്. തികച്ചും ഗ്രാമീണമായ



KiteVerse

ഒരന്തരീക്ഷത്തിൽ അനേകം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് വിദ്യാഭ്യാസരംഗത്ത് സ്തുത്യർഹമായ നേട്ടം കൈവരിയ്ക്കുവാൻ ഈ വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾ കൂടുതലായി പഠിയ്ക്കുന്ന ഈ സ്കൂളിൽ തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ പഠന നിലവാരം ഉയർത്തി എസ്. എസ്. എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടുവാൻ ഈ സ്കൂളിന് കഴിയുന്നുണ്ട്.

സ്കൂൾ നാമചരിത്രം

കൂറ്റുവേലി ക്ഷേത്രത്തിൽ കൂറ്റു വേലി ഭഗവതിയെ സ്നേഹത്തോടെയും ആദരവോടെയും വേലി കെട്ടി സംരക്ഷിച്ചിരുന്നതിന് അതിന്റെ ആദരവ് കാണിക്കുന്നതിനായി 'കൂറു വേലി, എന്നറിയപ്പെട്ടു. പ്രാദേശിക ഭാഷയുടെ സ്പർശനത്താൽ കൂറ്റുവേലി എന്ന നാമത്തിന് വഴിമാറി. കൂറ്റുവേലി യുടെ ചരിത്രത്തെ വിളിച്ചോതുന്ന കൂറ്റുവേലി പ്രദേശവാസികളുടെ ഹൈന്ദവ ആരാധനാലയമായ കൂറ്റുവേലി ക്ഷേത്രത്തിലാണ്.



കൂറ്റുവേലി ശ്രീ ദുർഗ്ഗാ ദേവി ക്ഷേത്രം എന്നാണ് ഇതിന്റെ പൂർണ്ണനാമം. ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് വടക്കൻ പ്രദേശങ്ങളിലെ ആക്രമണങ്ങളിൽ നിന്ന് രക്ഷനേടാനായി ബ്രാഹ്മണനും ഭഗവതിയും കൂറ്റുവേലി യുടെ സമീപപ്രദേശമായ മായത്തറ (ഇന്നത്തെ മായിത്തറ) എന്ന സ്ഥലത്തെത്തി. കാലക്രമേണ അവർ കൂറു വേലിയിലെത്തി. (ബ്രാഹ്മണ നോടൊപ്പം വടക്കൻ പ്രദേശങ്ങളിൽ നിന്നും കൊണ്ടുവന്ന വിഗ്രഹത്തെ ആണ് ഇവിടെ ഭഗവതിയായി സൂചിപ്പിക്കുന്നത്). പിന്നീട് പ്രദേശവാസികൾ ഭഗവതിയെ കൂറ്റുവേലി ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു. ആദ്യകാലങ്ങളിൽ ആനമറുത യായിരുന്നു ഇവിടത്തെ പ്രധാന പ്രതിഷ്ഠ. കാലക്രമേണ സമുദായസംഘടനകളും ക്ഷേത്ര ഭാരവാഹികളും ചേർന്ന് ക്ഷേത്രത്തെ ഉയർത്തിക്കൊണ്ടുവന്നു ക്ഷേത്രത്തിന്റെ നടത്തിപ്പിനായി കാലായ്ക്കൽ കുടുംബം മേലെ കുടുംബം വടക്കേടത്ത് കുടുംബം തുടങ്ങിയ കുടുംബങ്ങൾ നേതൃത്വം ഏറ്റെടുത്തു. ക്രമാനുഗതമായി ഉത്സവങ്ങളും അവർ നടത്തി.

1917

1917ൽ വടക്കേടത്തു മഠത്തിൽ ശ്രീ രാമകർത്താവ് ആരംഭിച്ച ദുർഗാ വിലാസം എൽ പി സ്കൂൾ പിന്നിട് സർക്കാറിനു കൈമാറുകയും തുടർന്ന് അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി എന്നീ നിലകളിലേയ്ക്ക് പടിപടിയായി ഉയർന്നു. 1979ൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ടി.കെ, പളനിയുടെ നേതൃത്വത്തിൽ രൂപികരിച്ച അപ്ഗ്രേഡിങ്ങ് കമ്മറ്റി ഈ വിദ്യാലയത്തെ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഇതിനായി മൂന്നേക്കർ സ്ഥലവും കെട്ടിടവും നിർമ്മിച്ച് ക്ലാസുകൾ ആരംഭിച്ചു. ഹൈസ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിനുള്ള സർക്കാർ തീരുമാനം ആയിടയ്ക്കുണ്ടായി, ശ്രമകരമെങ്കിലും ഈ അവസരം ഉപയോഗിയ്ക്കുവാൻ ശ്രീ ടി.കെ, പളനി (കൺവീനർ), വടക്കേടത്ത് ശ്രീ വിശ്വനാഥകർത്താവ് (സെക്രട്ടറി), കമലാലയത്തിൽ ശ്രീ ദാമോദരൻ നായർ (ഖജാൻജി) എന്നിവർ ഉൾപ്പെട്ട അപ്ഗ്രേഡിങ്ങ് കമ്മറ്റി തീരുമാനിച്ചു. അന്നത്തെ എം. എൽ. എ. ആയിരുന്ന ശ്രീ എ. വി. താമരാക്ഷൻ ഉൾപ്പടെ നിരവധി സുമനസ്സുകളുടെ സഹായത്തോടെ ആ വർഷം തന്നെ ഹൈസ്കൂൾ ആരംഭിയ്ക്കുവാനും കഴിഞ്ഞു. 1998ൽ ഈ സ്കൂൾ ഹയർ സെക്കന്ററി സ്കൂൾ ആയി ഉയർത്തി ഉത്തരവായി.

## 2019-20



KiteVerse

2019-20 കേരള സർക്കാറിന്റെ 3 കോടി കിഫ്ബി ഫണ്ടും ബഹുമാന്യനായ ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി പി.തിലോത്തമൻ അവർകളുടെ ആസ്തി വികസനഫണ്ടിൽ നിന്നും 1 കോടിയും ലഭിച്ചതോടെ ചാരമംഗലം ഗവ. ഡി.വി.എച്ച്.എസ്.എസ്സും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക്ഉയർന്ന ത് നന്ദിയോടെ സ്മരിക്കുന്നു. അത്യാധുനിക സൗകര്യങ്ങളോടു കൂടിയ 19 മുറികളുള്ള 2 കെട്ടിട സമുച്ചയമാണ് ഈ തുക ഉപയോഗിച്ച് നിർമ്മിച്ചത്. ഇതിൽ ഭിന്ന ശേഷിക്കാർക്ക് ഉൾപ്പെടെ ഉപയോഗിക്കാൻ പാകത്തിലുള്ള ഗുണനിലവാരമുള്ള ടോയ് ലറ്റുകൾ സജ്ജീകരിച്ചിട്ടുണ്ട് .2020 ഒക്ടോബർ 3 ന് ബഹു. വിദ്യാഭ്യാസ മന്ത്രി ശ്രീ. സി. രവീന്ദ്രനാഥ് അവർകളുടെ അധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ, ഓൺലൈനായി ഉദ് ഘാടനം നിർവ്വഹിച്ചു.



## 2020-22

കഞ്ഞിക്കുഴി പഞ്ചായത്ത് റർബൻ മിഷൻ പദ്ധതിയിൽപെടുത്തി ഒരു കോടി രൂപ മുടക്കി 8 ക്ലാസ് മുറികളുള്ള ഇരുനില കെട്ടിടം പണി തു .



ഷിറ്റ ിട്ടതും ,മോ ശവും ,പഴയതുമായ കെട്ടിടങ്ങൾ മാറ്റി പുതിയ കെട്ടിടം നിർമ്മിക്കാൻ പി.റ്റി.എ പ്രസിഡൻറ് ശ്രീ പി. അക്ബർ കൂടി അംഗമായിരുന്ന പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയായിരുന്നു. സ്കൂളിൻെറ പ്രവർത്തന മികവിനുള്ള അംഗീകാരമായിരുന്നു ഈ സമ്മാനം.കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത് റർബൻ മിഷൻ പദ്ധതിയിൽ നിന്നും ഒരു കോടി രൂപ ചെലവഴിച്ചു നിർമിച്ച ബഹുനില കെട്ടിടത്തിന്റെ ഉദ്ഘാടനം ബഹു വിദ്യാഭ്യാസ മന്ത്രി ശ്രീ വി ശിവൻകുട്ടി അവർകൾ നിർവഹിച്ചു വേദിയും സദസ്സും നിറഞ്ഞ പ്രൗഢ ഗംഭീരമായ ചടങ്ങിന്റെ അധ്യക്ഷ സ്ഥാനം അലങ്കരിച്ചതു ചേർത്തലയുടെ സ്വന്തം എം എൽ എ യും നാടിന്റെ പ്രിയപ്പെട്ട കൃഷി മന്ത്രിയും ആയ ശ്രീ പി പ്രസാദ് അവർകളാണ്.

വർണ്ണക്കൂടാരം-**2022-23**

അന്താരാഷ്ട്ര നിലവാരവും പ്രാദേശിക പ്രസക്തവുമായ പ്രീസ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് വർണ്ണക്കൂടാരം. ഇതിനായി പ്രീപ്രൈമറി കുട്ടികളുടെ വികാസ മേഖലകളിൽ കഴിവ് ഉറപ്പാക്കാൻ പര്യാപ്തമായ ആക്ടിവിറ്റി ഏരിയകൾ സജ്ജീകരിക്കുന്നതിനായി 10 ലക്ഷം രൂപ വീതം നൽകും. സ്കൂൾ കെട്ടിടത്തിന് പുറത്തും അനുഭവ ഇടങ്ങൾ രൂ



പപ്പെടുത്തുക യെന്നതാ ണ് പദ്ധതി കൊ ണ്ടുദ്ദേ ശിക്കു ന്നത്.കുട്ടി കളുടെ കലാ പ്രകടനങ്ങൾക്കുള്ള ആവിഷ്കാരയിടം, കരകൗശലയിടം, ശാസ്ത്രാനുഭവങ്ങൾക്കുള്ള ഇടം, വായനയ്ക്കും എഴുത്തിലേക്കും പ്രചോദിപ്പിക്കുന്ന ഭാഷാവികസന ഇടം, വർണയിടം , ഗണിതയിടം എന്നിങ്ങനെ

വികാസമേഖലകൾക്കും പഞ്ചേന്ദ്രീയാനുഭവങ്ങൾക്കും പ്രാധാന്യം നൽകുന്ന രീതിയിൽ 13 പ്രവർത്തന ഇടങ്ങളാണ് വർണ്ണക്കൂടാരം പദ്ധതിയിൽ സജ്ജീകരിക്കുന്നത്.27/06/2023ൽ സ്റ്റാർസ് പദ്ധതി പ്രകാരം എസ് എസ് കെ ആലപ്പുഴGovt DVHSS ചാരമംഗലത്ത് അനുവദിച്ച പത്തുലക്ഷം രൂപയുടെ വർണ്ണ കൂടാരത്തിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട എം പി A M ആരിഫ് നിർവഹിച്ചു.


## 2025-26

പ്ലാൻ ഫണ്ടിൽ നിന്ന് 3 ,1082647  രൂപ അനുവദിച്ച്

കെ ജി കെട്ടിടത്തിന്റെ മുകളിലായി രണ്ടുനിലയും എൽ പി കെട്ടിടത്തിന്റെ മുകളിലായി ഒരു നിലയും എച്ച് എസ് എസ് ലാബിനുമുകളിൽ ഒരു നിലയുമാണ് ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത്.







# കുട്ടിപ്പട്ടങ്ങളുടെ ലോകം



2023-26



2024-27



2025-28

# Little Kites Activities

## റോബോട്ടിക്സ് ശില്പശാല


ചാരമംഗലം ഗവ. ഡി.വി.എച്ച്.എസ്.എസ് സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ റോബോട്ടിക്സ് ശില്പശാല സംഘടിപ്പിച്ചു. ആധുനിക സാങ്കേതിക വിദ്യകൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതിനായി നടത്തിയ ശില്പശാല സ്കൂൾ ഹെഡ്മിസ്ട്രസ് മിനി ഉദ്ഘാടനം ചെയ്തു.പത്താം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് സ്റ്റുഡന്റ് റിസോഴ്സ് പേഴ്സൺമാരായ മാസ്റ്റർ അദ്വൈത് എസ്. ദിവാകർ കുമാരി ബിസഎന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ലളിതമായ രീതിയിൽ റോബോട്ടിക്സ് പ്രോഗ്രാമിംഗും നിർമ്മാണ രീതികളും ഇവർ സഹപാഠികൾക്കായി വിശദീകരിച്ചു നൽകി.കൈറ്റ് മെന്റർമാരായ ശ്രീ. ഷാജി പി.ജെ.,ശ്രീമതി വിജു പ്രിയ വി.എസ്എന്നിവർ ശില്പശാലയുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പുതിയ കാലഘട്ടത്തിലെ സാങ്കേതിക മാറ്റങ്ങൾ തൊട്ടറിഞ്ഞ ഈ ശില്പശാല വിദ്യാർത്ഥികൾക്ക് പുതിയൊരു അനുഭവമായി മാറി.





# Little Kites Activities

## കരുതലായി ലിറ്റിൽ കൈറ്റ്സ്; ഭിന്നശേഷി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകി



സാങ്കേതികവിദ്യയുടെ ലോകത്ത് ആരും പിന്നിലാകരുത് എന്ന ലക്ഷ്യത്തോടെ ഗവ. ഡി. വി. എച്ച് എസ് എസ്സിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വേറിട്ടൊരു മാതൃകയായി. സ്കൂളിലെ ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കായി ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ 6/01/26 ഉച്ചക്ക് 1 മുതൽ 3 വരെ കമ്പ്യൂട്ടർ പരിശീലന ക്ലാസ് സംഘടിപ്പിച്ചു.ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നതിനും ഡിജിറ്റൽ ലോകത്തെ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനുമാണ് ഈ പ്രത്യേക ക്ലാസ് ഒരുക്കിയത്. കീബോർഡ് ഉപയോഗിക്കുന്ന രീതി, ലളിതമായ പെയിന്റിംഗ് സോഫ്റ്റ്‌വെയറുകൾ, ഇന്റർനെറ്റിലൂടെയുള്ള പഠനവിവരങ്ങൾ കണ്ടെത്തൽ എന്നിവയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. പത്താം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ അനന്തകൃഷ്ണൻ,അനൂപ് രാജ്,അതുൽ രാജ്,ആദർശ്,രാമേശ്വർ ദത്ത്,മേഘ്ന,ആൻഹിത, ഫാത്തിമ എന്നിവർ ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തു. ഓരോ വിദ്യാർത്ഥിക്കും വ്യക്തിഗതമായ ശ്രദ്ധ നൽകിക്കൊണ്ടാണ് ക്ലാസുകൾ നയിച്ചത് എന്നത് ശ്രദ്ധേയമായി.സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി മിനി ചടങ്ങ് ഉദ്ഘാടനം ചെയ്തു. സ്കൂൾ ഐ.ടി. കോർഡിനേറ്റർ, അധ്യാപകർ, മറ്റ് ജീവനക്കാർ എന്നിവർ ചടങ്ങിൽ സംബന്ധി









KiteVerse

# Little Kites Activities

## സമീപ സ്കൂൾ വിദ്യാർത്ഥികൾക്ക് ലിറ്റിൽകൈറ്റ്സ് പരിശീലനം


ലിറ്റിൽകൈറ്റ്സിന്റെ 10-ാം ക്ലാസിലെ അംഗങ്ങളുടെ ആഭിമുഖ്യത്തിൽ ഗവ. എൽ പി സ്കൂൾ അയ്യപ്പൻഞ്ചേരിയിൽ വെച്ച് 12/12/25 ന് നടന്ന കമ്പ്യൂട്ടർ പരിശീലന ക്ലാസും ലിറ്റിൽകൈറ്റ്സ് തയ്യാറാക്കിയ പത്രവിതരണത്തിന്റെ ഉദ്ഘാടനം എൽ പി സ്കൂൾ എച്ച് എം ശ്രീ ജയ്‌ലാൽ സാർ നിർവഹിച്ചു. ലിറ്റിൽ കൈറ്റ്സ് ബാച്ച് 2024-26 ന്റെ ലീഡർ അദ്വൈത് എസ് ദിവാക്കറിന്റെ നേതൃത്വത്തിലുള്ള 10 പത്താം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ നോഷ് നോബിൻ,ബിസ,ആൻമരിയ,വൈഗ കെ വി,ഹരിനാരായണൻ,ആദ്യതൻ,അഭിനവ് ബിജുമോൻ ,അജയ് കൃഷ്ണൻ , വിമൽസാദ് (9A) എന്നിവർ ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തു. Traffic game,eduActi8, തുടങ്ങിയ game കളിലൂടെ വിവിധ അറിവുകൾ പകർന്നു കൊടുത്തു കൊണ്ട് മാസ്റ്റർ അദ്വൈത് എസ് ദിവാകർ കുട്ടികളെ കമ്പ്യൂട്ടറൻ്റ് വിവിധ tool കൾ ,ടിപ്പ് പരിചയപ്പെടുത്തി . Tux paint,libre office writer എന്നിവയിലൂടെ മാസ്റ്റർ വിമൽ സാഥ് കുട്ടികളെ കളർ നൽകാനം വരക്കാനം പഠിപ്പിച്ചു.





രാവിലെ 10 മുതൽ 12 .30 നടന്ന കമ്പ്യൂട്ടർ പരിശീലന ക്ലാസിന് നേതൃത്വം നൽകിയ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്കും ,ക്ലാസ് മോനിട്ടർ ചെയ്ത 'കൈറ്റ് മെൻ്റർ ശ്രീ ഷാജി പി.ജെ , എസ് ഐ റ്റി സി ശ്രീ റെനീഷ് എന്നിവർക്ക് എച്ച് എം ശ്രീ ജയ്‌ലാൽസാർ നന്ദി പറഞ്ഞു ' തുടർന്ന് ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ WRITE CLICK എന്ന പത്രം എല്ലാ വിദ്യാർത്ഥികൾക്കും വിതരണം ചെയ്തു.

# Little Kites Activities



## സൈബർ കെണികളിൽ വീഴാതിരിക്കാൻ ജാഗ്രത


നിത്യജീവിതത്തിൽ ഡിജിറ്റൽ ഇടപാടുകൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ, സൈബർ തട്ടിപ്പുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന സന്ദേശവുമായി ചാരമംഗലം ഗവ. ഡി.വി.എച്ച്.എസ്.എസ്. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്. കൂറ്റുവേലി വാർഡിലെ കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി അംഗങ്ങൾക്കായാണ് സ്കൂളിലെ ലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ സൈബർ സുരക്ഷാ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചത്. പത്താം ക്ലാസിലെ പ്രയാഗ് പി, പാർത്ഥിപൻ പി,വന്ദന,റിയജോൺസൺ,സാന്ദ്ര, അക്ഷയ്,കാശിനാഥൻ ,ജെസ്‌വിൻ എന്നിവർ പരിശീലന ക്ലാസ് എടുത്തു. ആധുനിക കാലത്ത് സ്മാർട്ട് ഫോണുകളും സോഷ്യൽ മീഡിയയും ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സാധാരണക്കാരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടത്തിയത്. ഒടിപി (OTP) തട്ടിപ്പുകൾ, വ്യാജ ലിങ്കുകൾ വഴിയുള്ള പണം തട്ടൽ, സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ സുരക്ഷ എന്നിവയെക്കുറിച്ച് ക്ലാസ്സിൽ വിശദമായ ധാരണ നൽകി. അപരിചിതമായ ലിങ്കുകളിൽ ക്ലിക്ക് ചെയ്യുന്നതിലെ അപകടങ്ങൾ,ബാങ്ക് വിവരങ്ങളും പാസ്‌വേഡുകളും രഹസ്യമായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത, സൈബർ തട്ടിപ്പിനിരയായാൽ ഉടൻ ബന്ധപ്പെടേണ്ട ഹെൽപ്പ് ലൈൻ നമ്പറുകൾ. മൊബൈൽ ഫോണിലെ സുരക്ഷാ ക്രമീകരണങ്ങൾ എന്നിവയായിരുന്നു പ്രധാന ചർച്ചാ വിഷയങ്ങൾ .







# Little Kites Activities



## സ്കൂൾതല ക്യാമ്പ് 2025 ഒന്നാം ഘട്ടം

ഗവ .ചാരമംഗലം സ്കൂളിൽ 2024- 27 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ 40 വിദ്യാർഥികൾക്കുള്ള ഏകദിന ക്യാമ്പിൻ്റെ ഒന്നാംഘട്ട പരിശീലനം വെള്ളിയാഴ്ച ( 23/5/25) നടന്നു. വീഡിയോ ഷൂട്ട് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ -അതിന്റെ മുന്നൊരിക്കങ്ങൾ , സ്വതന്ത്ര സോഫ്റ്റ്‌വെയർ വീഡിയോ എഡിറ്റിംഗ് സംവിധാനത്തിലൂടെ വീഡിയോ -എഡിറ്റിംഗ് അതിൻ്റെ ഡോക്യ മെൻ്റഷൻ എന്നിവയാണ് ഈ ഏകദിന പരിശീലന പരിപാടിയിലൂടെ ലക്ഷ്യ വെക്കുന്നത്. കുട്ടികളുടെ സർഗാത്മകത, ഡിജിറ്റൽ ലിറ്ററസി, വിമർശനാത്മക ചിന്ത മറ്റ് സർഗ്ഗശേഷി വികാസം എന്നിവ വളർത്തി യെടുക്കുക എന്നതാണ് ലക്ഷ്യം. രാവിലെ 10 മണിക്ക് ആരംഭിച്ച ഏകദിന പരിശീലന പരിപാടിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട പി.ടി.എ പ്രസിഡണ്ട് ശ്രീ ഡി. വി ഗിരിപ്രസാദ് നിർവഹിച്ചു. ഗവ. എച്ച് എസ് എസ് ചേർത്തല സൗത്തിലെ ശ്രീ സെബാസ്റ്റ്യൻ സാർ ക്ലാസുകൾ കൈകാര്യം ചെയ്തു. കൈറ്റ് മാസ്റ്റർ ശ്രീ ഷാജി പി. ജെ. , കൈറ്റ് മിസ്ട്രസ് ശ്രീമതി വിജു പ്രിയ വി. എസ് എന്നിവർ ക്യാമ്പിന് സഹായിച്ചു. മുഴുവൻ പേരും സന്നിഹിതരായ ക്യാമ്പിൽ ഉച്ചഭക്ഷണമൊരിക്കിയിരിന്നു. ലിറ്റിൽ കൈറ്റ്സ് ലീഡർ മാസ്റ്റർ മാധവ് സുജിത്ത് നന്ദി പറഞ്ഞു.







# Little Kites Activities

## റൈറ്റ് ക്ലിക്ക് സ്കൂൾ പത്രം പ്രകാശനം ചെയ്തു; വാർത്തകൾ സ്കൂൾ വിക്കിയിൽ നിന്ന്.

ചാരമംഗലം: ഗവ. ഡി.വി.എച്ച്.എസ്.എസ്, ചാരമംഗലം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വിദ്യാർഥികൾ തയ്യാറാക്കിയ 'റൈറ്റ് ക്ലിക്ക്' ('Write Click') എന്ന സ്കൂൾ പത്രം പ്രകാശനം ചെയ്തു. സ്കൂളിലെ വിവിധ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ സ്കൂൾ വിക്കി പേജിൽ നിന്നുള്ള വാർത്തകളെ ഏകോപിപ്പിച്ചാണ് ഈ പത്രം പുറത്തിറക്കിയത് എന്നതാണ് ഇതിന്റെ പ്രധാന പ്രത്യേകത.2025 നവംബർ 21 വെള്ളിയാഴ്ച രാവിലെ 9.30 ന് നടന്ന സ്കൂൾ അസംബ്ലിയിൽ വെച്ച് പത്രത്തിന്റെ ഔദ്യോഗിക പ്രകാശനം നടന്നു.കഴിഞ്ഞ ഒന്ന് രണ്ട് വർഷങ്ങളിൽസ്കൂളിൽ വിവിധ അക്കാദമിക- അക്കാദമികേതര പ്രവർത്തനങ്ങളിൽ മികവുകൾ , വിവിധ ക്ലബ്ബുകളിലെ മികവാർന്ന പ്രവർത്തനങ്ങൾ എന്നിവ എല്ലാവരിലേക്കും എത്തിക്കുക. കലാ-കായിക രംഗങ്ങളെ മികവുകൾ , സ്കൂൾ വിക്കി പേജിലെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമായി എങ്ങനെ പ്രയോജനപ്പെടുത്താം തുടങ്ങിയവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ'.പ്രകാശന ചടങ്ങിന് ശേഷം, വിദ്യാർഥികൾ പത്രം വിതരണം ചെയ്യാനുള്ള ദൗത്യം ഏറ്റെടുത്തു. കിൻഡർ ഗാർട്ടൻ (KG) വിഭാഗം മുതലുള്ള കുട്ടികൾക്ക് ക്ലാസുകളിൽ പത്രം വിതരണം ചെയ്തു. കൂടാതെ, സ്കൂളിന് സമീപമുള്ള വഴിയോര കച്ചവടക്കാർക്കും മറ്റ് പൊതുജനങ്ങൾക്കും 'റൈറ്റ് ക്ലിക്ക്' പത്രം വിതരണം ചെയ്ത് ഈ സംരംഭം പ്രാദേശിക സമൂഹവുമായി പങ്കുവെച്ചു.പ്രകാശന ചടങ്ങിൽ സ്കൂൾ പി.ടി.എ. പ്രസിഡൻ്റ് ശ്രീ. ഗിരി പ്രസാദ്, സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി. രശ്മി കെ, ഹെഡ്മിസ്ട്രസ് ശ്രീമതി. മിനി, സീനിയർ അസിസ്റ്റൻ്റ് ശ്രീമതി. നിഷ എന്നിവർ ആശംസകൾ അർപ്പിച്ചു. വിദ്യാർഥികളുടെ ഈ കൂട്ടായ പ്രയത്നത്തെയും ഡിജിറ്റൽ സാധ്യതകൾ പ്രയോജനപ്പെടുത്തിയതിനെയും അവർ അഭിനന്ദിച്ചു.ഡിജിറ്റൽ സാധ്യതകൾ ഉപയോഗപ്പെടുത്തി.സ്കൂൾ വിക്കിയിലെ



# Little Kites Activities

വിവരങ്ങൾ ശേഖരിച്ച് അവ വിശകലനം ചെയ്യാനും അച്ചടി മാധ്യമത്തിലൂടെ പൊതുജനങ്ങളിലേക്ക് എത്തിക്കാനുമുള്ള ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ കഴിവ് പ്രശംസനീയമാണെന്ന് ആശംസകൾ അർപ്പിച്ചവർ ചൂണ്ടിക്കാട്ടി. വിദ്യാർത്ഥികളിൽ പത്രപ്രവർത്തന താത്പര്യം - വളർത്തുന്നതിനും ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുന്നതിനും ഈ സംരംഭം സഹായകമാകും.'റൈറ്റ് ക്ലിക്ക്' പത്രത്തിന്റെ വിജയകരമായ പ്രസാധനത്തിന് പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനും പരിശീലനം നൽകിയ അധ്യാപകർക്കും അഭിനന്ദനങ്ങൾ അറിയിച്ചു.





# Little Kites Activities

## ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ അറിവേകി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

സാങ്കേതിക വിദ്യയുടെ ലോകം എല്ലാവരിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ ചാരമംഗലം ഗവൺമെന്റ് ഡി.വി.എച്ച്.എസ്.എസ്. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് മാതൃകയായി. കഞ്ഞിക്കുഴി ബഡ്സ് സ്കൂളിലെ വിദ്യാർത്ഥികൾക്കായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കമ്പ്യൂട്ടർ പരിശീലന ക്ലാസ് സംഘടിപ്പിച്ചു. ഭിന്നശേഷിക്കാരായ കുട്ടികളിൽ കമ്പ്യൂട്ടർ അവബോധം വളർത്തുന്നതിനും ലളിതമായ സോഫ്റ്റ്‌വെയറുകൾ പരിചയപ്പെടുത്തുന്നതിനുമായാണ് ഏകദിന ക്യാമ്പ് നടത്തിയത്. ചാരമംഗലം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ 10 ലെ വൈശാഖ്,മിത്രകൃഷ്ണ,ശ്രേയ,വൈഗ രതീഷ്,ബാലഗോപാൽ,ഗണേഷ് കൃഷ്ണ,ആദിത്യൻ,അഭിനവ് ചന്ദ്രൻ,ഇമ്മാനുവേൽ ജോസ് എന്നീ അംഗങ്ങളാണ് ക്ലാസുകൾക്ക് നേതൃത്വം നൽകിയത്. മൗസ് ഉപയോഗിക്കുന്ന രീതി, ചിത്രങ്ങൾ വരയ്ക്കുന്നതിനുള്ള 'ടക്സ് പെയിന്റ്' (Tux Paint), ലളിതമായ ഗെയിമുകൾ എന്നിവ കുട്ടികളെ പരിചയപ്പെടുത്തി. കൂടാതെ വിദ്യാഭ്യാസ സോഫ്റ്റ്‌വെയറുകളായ മാർബിൾ, സ്റ്റെല്ലേറിയം എന്നിവ ഉപയോഗിച്ച് ഭൂമി, ചന്ദ്രൻ തുടങ്ങിയ ആകാശഗോളങ്ങളെ ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് ഏറെ കൗതുകവും ആവേശവും പകരുന്നതായിരുന്നു പരിശീലനം. കഞ്ഞിക്കുഴി ബഡ്സ് സ്കൂളിൽ നടന്ന ചടങ്ങിൽ കൈറ്റ് മെന്റർമാരായ ശ്രീ ഷാജി പി ജെ, ശ്രീമതി വിജുപ്രിയ വി എസ്, എസ് ഐ റ്റി സി ശ്രീ റെനീഷ് എന്നിവർ പങ്കെടുത്തു. സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായാണ് ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതെന്ന് ലിറ്റിൽ കൈറ്റ്സ് കോർഡിനേറ്റർമാർ അറിയിച്ചു.




# Little Kites Activities

## സമഗ്ര പ്ലസ്- വിദ്യാർത്ഥികൾക്ക്

ലിറ്റിൽകൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ വിഭാഗത്തിലെ വിദ്യാർഥികൾക്കായി ചൊവ്വാഴ്ച(5/8/25) 1 pm മുതൽ 2pm വരെ സമഗ്ര പ്ലസിനെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് നൽകുകയുണ്ടായി. 2025-27 ലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങളായ മാധവ് സുജിത്ത് ,കാശിനാഥൻ , ഹാരിക, ശ്രീലക്ഷ്മി തുടങ്ങിയവർ ക്ലാസിന് നേതൃത്വം നൽകി. സമഗ്ര പ്ലസ് ൽ മൊബൈൽ ആപ്പ് ഡൗവൻ ലോഡ് ചെയ്ത് ലോഗിൻ ചെയ്യാതെ തന്നെ കുട്ടികൾക്ക് സമഗ്ര പ്ലസിൽ നിന്നും ടെക്സ്റ്റ് ബുക്ക്, പഠന വിഭവങ്ങൾ , വീഡിയോ, ഓഡിയോ, ചിത്രങ്ങൾ, മോഡൽ ചോദ്യങ്ങൾ , ചോദ്യശേഖരം എന്നിവ കാണുവാനും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുവാനും സാധിക്കും



# Little Kites Activities



## ഡിജിറ്റൽ പൂക്കളമത്സരം- 25

ഗവ. ഡി വി എച്ച് എസ് എസ് ചാരമംഗലം സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷത്തോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കായി ഡിജിറ്റൽ പൂക്കള മത്സരം സംഘടിപ്പിച്ചു. ജിമ്പ്, ഇങ്ക് സ്കേപ്പ്, കൃത തുടങ്ങിയ സ്വതന്ത്ര്യ സോഫ്റ്റ്വെയർ ഉപയോഗിച്ച് നടത്തിയ മത്സരത്തിൽ ഒന്നാം സ്ഥാനം 8 A യിലെ വിമൽസാദ് കരസ്ഥമാക്കി. അമൽ ഡോമിനിക്ക് - 10 A ,മാധവ് സുജിത്ത് 8 C എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.







# Little Kites Activities

## ആധാർ അപ്ഡേഷൻ ക്യാമ്പ്

നമ്മുടെ സ്കൂളിലെ എസ് പി സി യൂണിറ്റിന്റെയും ലിറ്റിൽ കൈറ്റ്സിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ , എച്ച് എസ് കമ്പ്യൂട്ടർ ലാബിൽ വെച്ച് ഭാരതീയ തപാൽ വകുപ്പുമായി ചേർന്ന് ഇതുവരെ ആധാർ എടുക്കാത്ത കുട്ടികൾക്കും അഞ്ചുവയസ്സില് ആധാർ അപ്ഡേറ്റ് ചെയ്യേണ്ട കുട്ടികൾക്കും സൗജന്യമായി ആധാർ ക്യാമ്പ് 2025 നവംബർ 14 ന് രാവിലെ 9:30 മുതൽ വൈകീട്ട് 4 മണി വരെ സംഘടിപ്പിച്ചു. ഈ സേവനം ,ഞങ്ങളുടെ സ്കൂളിലെ എൽകെജി ,യുകെജി എൽ പി ക്ലാസുകളിൽ പഠിക്കുന്ന 27 കുട്ടികൾ ഈ സൗകര്യം പ്രയോജനപ്പെടുത്തുകയുണ്ടായി. ലിറ്റിൽ കൈറ്റ്സ് 2024-27 ബാച്ചിലെ 8 പേർ ഇതിന് സഹായിച്ചു.







# Little Kites Activities

## ജില്ലാതല റോബോട്ടിക് ഫെസ്റ്റ് പങ്കാളിത്തം

കൈറ്റ് (കേരള ഇൻഫ്രാ സ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ) സംഘടിപ്പിച്ച ജില്ലാതല റോബോട്ടിക് ഫെസ്റ്റിൽ ചാരമംഗലം ഗവൺമെൻറ് എച്ച്എസ്എസ് ലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ അവർ തയ്യാറാക്കിയ രണ്ട് ഇനങ്ങൾ അവതരിപ്പിച്ചു .ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. കെ ജി രാജേശ്വരി ഉദ്ഘാടനം ചെയ്ത റോബോട്ടിക് ഫെസ്റ്റിൽ കൈറ്റ് സി ഇ ഒ ശ്രീ.കെ അൻവർ സാദത്ത് മുഖ്യപ്രഭാഷണം നടത്തി. ഓസ്കാർ നേടിയ ഹോളിവുഡ് ചിത്രത്തിലെ വിഷ്വൽ എഫക്ട്സ് ടീം അംഗവും ആലപ്പുഴ സ്വദേശിയുമായ അലിഫ് അഷറഫ്, ടെക്ജെൻഷ്യ സി ഇ ഒ ജോയ് സെബാസ്റ്റ്യൻ എന്നിവർ കുട്ടികളുമായി സംവദിച്ചു. ഗവൺമെൻറ് ഡി.വിഎച്ച് എസ് എസ് ൽ നിന്നും ലിറ്റിൽ കൈറ്റ്സ് 2023- 26 ബാച്ച് അംഗങ്ങളായ സാന്ദ്ര പി വി, മിത്ര കൃഷ്ണ, അദ്വൈത് എസ് ദിവാകർ , അനന്തകൃഷ്ണൻ എന്നിവരാണ് റോബോട്ടിക് ഫെസ്റ്റിൽ പങ്കെടുത്തത്.ഓട്ടോമാറ്റിക് ക്ലോത്ത് ഡ്രൈയിങ് സ്റ്റാൻഡ്,ഓട്ടോമാറ്റിക് ടോൾ ഗേറ്റ് എന്നീ ഇനങ്ങളാണ് ഇവർ അവതരിപ്പിച്ചത്.ആലപ്പുഴ ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള കുട്ടികൾ ഫെസ്റ്റിൽ പങ്കടുക്കുന്നതിനും പ്രദർശനം കാണാനും എത്തിയിരുന്നു.




# Little Kites Activities

## ഐ റ്റി സബ്ബ് ജില്ലാ പങ്കാളിത്തം

ഈ വർഷത്തെ IT 'മേളക്ക് സബ്ബ് ജില്ലയിൽ 6 വിദ്യാർഥികൾ ഹൈസ്കൂളിൽ നിന്നും ഒരാൾ യു.പി വിഭാഗത്തിൽ നിന്നും പങ്കെടുത്തു. യു പി വിഭാഗത്തിൽ ഡിജിറ്റൽ പെയിൻ്റിങിന് മിയ പ്രതേഷ് ഒന്നാം സ്ഥാനം നേടി. എച്ച് എസ് വിഭാഗത്തിൽ 10 B യിലെ ബാലഗോപാൽ എം. ബി അനിമേഷൻ വിഭാഗത്തിലും . അതുപോലെ എച്ച് എസ് വിഭാഗം ക്വിസ്സിനും അനിമേഷനും 9 A യിലെ വിമൽസാദ് എസ് ഒന്നാം സ്ഥാനം കരസ്ഥമാക്കി ഒന്നാം സ്ഥാനം നേടി ജില്ലാ മേളക്ക് യോഗ്യത നേടി . രചനയും അവതരണത്തിൽ 9 C യിലെ മിലൻ എസ് B grade നേടി. വിജയികളെ സ്കൂൾ അസംബ്ളിയിൽ ബഹു . ഹെഡ്മിസ് ട്രസ് ആദരിച്ചു.



# Little Kites Activities




## ലിറ്റിൽ കൈറ്റ്സ് റോബോട്ടിക് ഫെസ്റ്റും മികവുത്സവവും

ഗവ. ഡി വി എച്ച് എസ് എസ്, ചാരമംഗലം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ റോബോട്ടിക് ഫെസ്റ്റും ലിറ്റിൽ കൈറ്റ്സ് മികവുത്സവവും ശ്രീ. എ. ടി ഗിരി പ്രസാദിന്റെ അദ്ധ്യക്ഷതയിൽ ശ്രീമതി. നിഷ (എച്ച് എം ഇൻ ചാർജ്ജ്) രാവിലെ 10 ന് ഉദ്ഘാടനം ചെയ്തു. കൈറ്റിൽ നിന്നും ലഭ്യമായ അർഡിനോ കിറ്റ് ഉപയോഗപ്പെടുത്തി എൽ കെ റോബോട്ട്, ആട്ടോമാറ്റിക്ക് ടോൾ ഗേറ്റ്, തീ - വെള്ളപൊക്കം -അന്യവസ്തുൾ - മൃഗങ്ങൾ എന്നിവയുടെ സാന്നിദ്ധ്യമറിയിക്കുന്ന ബസറുകൾ - ഓട്ടോമാറ്റിക് ക്ലോത്ത് ഡ്രയർ, സിഗ്നൽ ലൈറ്റ്, ഓട്ടോമാറ്റിക് വേസ്റ്റ് ബിൻ, ഗെയിം സോണിൽ ആട്ടോമാറ്റിക് ഡയസ് , റോബോ ഹെൻ- എ ഐയുടെ പ്രവർത്തനം മനസ്സിലാക്കുവാൻ ഫേസ് തിരിച്ചറിയൽ വിവിധ ആപ്പുകൾ കൂടാതെ വിവിധ അനിമേഷൻ വീഡിയോ, ഷോർട്ട് ഫിലും , വിവിധ പോസ്റ്റർ രചനകൾ എന്നിവയുടെ പ്രദർശനം രാവിലെ 10. മണി മുതൽ 4.3 വരെ കെ ജി മുതൽ ഹൈസ്കൂൾ വിഭാഗ വരെയുള്ള വിദ്യാർത്ഥികൾ,ടീച്ചേഴ്സ് , രക്ഷിതാക്കൾ എന്നിവർ മികച്ച കണ്ട് അഭിപ്രായങ്ങൾ പങ്കുവെച്ചു. അദ്വൈത് എസ് ദിവാകർ, ബാലഗോപാൽ, ഗൗരിജിത്ത്, അനന്തകൃഷ്ണൻ എസ്, പ്രയാഗ് പി , സാന്ദ്ര എസ്, മിത്ര കൃഷ്ണ,അഭിനവ് ചന്ദ്രൻ,മാധവ് സുജിത്ത്, ഹാരിക,വിമൽസാദ് വൈശാഖ് ,ബിസ, ശ്രീമതി. വിജുപ്രിയ (കൈറ്റ് മിസ്ട്രസ്) ശ്രീ ഷാജി പി. ജെ (കൈറ്റ് മാസ്റ്റർ) എന്നിവർ ഈ പ്രദർശനത്തിന് നേതൃത്വം നൽകി.



# Little Kites Activities



## അഭിരുചി പരീക്ഷ

ലിറ്റിൽ കൈറ്റ്സ് 2025-2028 ബാച്ചിലേക്കുള്ള പ്രവേശനത്തിനായി 120കുട്ടികൾ രജിസ്റ്റർ ചെയ്തു. അവരെ ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിച്ച് പരീക്ഷയുമായിബന്ധപ്പെട്ട വിക്ട്ടേഴസ് ചാനലിന്റെ മുൻ ക്ലാസ്സുകളും, മറ്റ് പരിശീലനപരിപാടികളും ക്ലാസുതലത്തിൽ നടത്തി പരിശീലനം നൽകി . 2025 ജൂൺ 25 ന് നടന്ന അഭിരുചി പരീക്ഷയിൽ 104 പേർ പങ്കെടുത്തു. കൈറ്റ് മെന്റർ ശ്രീ ഷാജി പി ജെ കൂടാതെ, എസ് ഐ റ്റി സി ശ്രീ റനീഷ് എം എസ്, ശ്രീ ഡോമിനിക് സേവ്യർ എന്നിവർ പങ്കെടുത്തു. ഇതിൽ ആദ്യ 40 റാങ്കുകൾ നേടിയവർക്ക് 2025 - 28 ബാച്ചിൽ അംഗത്വം ലഭിക്കും.








KiteVerse

# Little Kites Activities



## സൈബർ സുരക്ഷ- ബോധവൽക്കരണ ക്ലാസും രക്ഷാകർത്തൃയോഗവും 2025- 28 ബാച്ച്

ലിറ്റിൽകൈറ്റ്സ് 2025- 28 ബാച്ചിലെ കുട്ടികൾകളുടെ രക്ഷകർത്താക്കളുടെ യോഗം 2025 ജൂലൈ 30 ന് സ്കൂൾ കമ്പ്യൂട്ടർ ലാബിൽ വെച്ച് നടന്നു. 2 pm ന് ആരംഭിച്ച രക്ഷകർത്താക്കൾക്കുള്ള യോഗം ഹെഡ്മിസ്ട്രസ് ശ്രീമതി മിനി ഉദ്ഘാടനം ചെയ്തു. തുടർന്ന് കൈറ്റ് മെന്റർ ശ്രീ. ഷാജി പി ജെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളെക്കുറിച്ചും ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചും സൈബർ സുരക്ഷയെക്കുറിച്ചും രക്ഷകർത്താക്കൾക്ക് വിശദീകരിക്കുകയും ബോധവൽക്കരണ ക്ലാസും നൽകി.പ്രസ്തുത മീറ്റിംഗിൽ കുട്ടികൾക്ക് യൂണിഫോം ഏർപ്പാടാക്കുന്നതിന് ആവശ്യമായ ഫണ്ട് നൽകാൻ സമ്മതമാണെന്ന് രക്ഷിതാക്കൾ അറിയിച്ചു.കൈറ്റ് മെന്റർ ശ്രീ. ഷാജി പി ജെ സ്വാഗതം പറയുകയും കൈറ്റ് മെന്റർ ശ്രീമതി വിജുപ്രിയ നന്ദി പറഞ്ഞു . മീറ്റിംഗ് 4 pm ന് അവസാനിച്ചു







# Little Kites Activities

## പ്രിലിമിനറി ക്യാമ്പ്

ക്യാമ്പ് 2025 സെപ്റ്റംബർ 9 ന് സ്കൂൾ കമ്പ്യൂട്ടർ ലാബിൽ വെച്ച് നടന്നു.പി റ്റി എ പ്രസിഡന്റ് ശ്രീ ഗിരിപ്രസാദ് അദ്ധ്യക്ഷനായ ചടങ്ങിൽ, ഹെഡ്മിസ്ട്രസ് ശ്രീമതി മിനി ടീച്ചർ ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു .കൈറ്റ് മെന്റർ ശ്രീ ഷാജി പി ജെ സ്വാഗതവും കൈറ്റ് മെന്റർ ശ്രീമതി വിജുപ്രിയ വി എസ് നന്ദിയും പറഞ്ഞു. ചേർത്തല സബ്ജില്ലാ മാസ്റ്റർ ട്രെയിനർ ആയ ശ്രീ സജിത്തിന്റെ നേതൃത്വത്തിലാണ് ക്ലാസുകൾ നടന്നത് .ആകെ ആറ് സെഷനുകളായി നടന്ന ക്ലാസിൽ കുട്ടികളെ ഫേസ് സെൻസിങ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇ -കൊമേഴ്സ് , ജി പി എസ് , ഏ ഐ , വി ആർ ,റോബോട്ടിക്സ് എന്നിങ്ങനെ അഞ്ച് ഗ്രൂപ്പായി തിരിച്ചു. തുടർന്ന് ഇന്റർനെറ്റിന്റെ അനന്ത സാധ്യതകളെക്കുറിച്ചും ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചുംകുട്ടികളെ ബോധവാന്മാരാക്കുന്നതിന് ഉതകുന്ന വീഡിയോകൾ പ്രദർശിപ്പിക്കുകയും കുട്ടികളുടെ കണ്ടെത്തലുകൾ ഗ്രൂപ്പായി രേഖപ്പെടുത്തി അവതരിപ്പിക്കുകയും ചെയ്തു .തുടർന്ന് ലിറ്റിൽകൈറ്റ്സ് പ്രവർത്തങ്ങളെ കുറിച്ച് വിശദമാക്കുന്ന വീഡിയോ പ്രദർശിപ്പിച്ച ശേഷം ക്വിസ് മത്സരം നടത്തി. സെഷൻ 4, 5 എന്നിവയിൽ സ്ക്രാച്ച്, അനിമേഷൻ എന്നിവ പരിചയപ്പെടുത്തുന്ന ലഘുപ്രവർത്തനങ്ങൾ ചെയ്യാൻ കുട്ടികൾക്ക് അവസരം നൽകി. കൈറ്റ് മെന്റേഴ്സായ ശ്രീ ഷാജി പി ജെയുടേയും ശ്രീമതി വിജുപ്രിയ വി എസിന്റേയും നേതൃത്ത്വത്തിലാണ് ഈ സെഷനുകൾ നടന്നത്. തുടർന്ന് സെഷൻ 6 ൽ സജിത്ത് സാർ റോബോട്ടിക്സുമായി ബന്ധപ്പെട്ട പ്രവർത്തനം അവതരിപ്പിച്ചു. കുട്ടികൾ വളരെ ഉത്സാഹത്തോടെ ഈ പ്രവർത്തനം പൂർത്തിയാക്കി. തുടർന്ന് ബാച്ച് ലീഡർ 8 E യിൽ പഠിക്കുന്ന ദേവാനന്ദൻ പി എം നന്ദി പറഞ്ഞു.





# Little Kites Activities

## കുട്ടി അധ്യാപകരായി ലിറ്റിൽ കൈറ്റ്സ്

### കുട്ടി അധ്യാപകരായി ലിറ്റിൽ കൈറ്റ്സ്

കലവൂർ: അറിവ് പങ്കുവെക്കുന്നതിലൂടെ കുട്ടികളിലെ സാങ്കേതിക നൈപുണ്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ചാരമംഗലം ഗവ. ഡി.വി.എച്ച്.എസ്.എസ്സിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് കലവൂർ പി.ജെ.യു.പി സ്കൂളിലെ വിദ്യാർത്ഥികൾക്കായി ഏകദിന ഐ.ടി പരിശീലന ക്ലാസ് സംഘടിപ്പിച്ചു. ഹൈസ്കൂൾ വിഭാഗത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ യു.പി വിഭാഗം വിദ്യാർത്ഥികൾക്ക് 'കുട്ടി അധ്യാപകരായി' മാറിയത് വേറിട്ടൊരു അനുഭവമായി. പരിശീലന പരിപാടിയുടെ ഉദ്ഘാടനം പി ജെ യു പി എസ് സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. സതീഷ് നിർവ്വഹിച്ചു. ആധുനിക കാലഘട്ടത്തിൽ സാങ്കേതിക വിദ്യയിലുള്ള അറിവ് ഓരോ വിദ്യാർത്ഥിക്കും അനിവാര്യമാണെന്നും, ഇത്തരം കൂട്ടായ പ്രവർത്തനങ്ങൾ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഒമ്പതാം ക്ലാസ്സിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുമാരി ഹാരിക, മാസ്റ്റർ മാധവ് സുജിത്ത്, മാസ്റ്റർ വിമൽസാദ് എന്നിവരാണ് പരിശീലന ക്ലാസുകൾക്ക് നേതൃത്വം നൽകിയത്.   ചെയ്തു.പരിശീലനത്തിന് മേൽനോട്ടം വഹിച്ചു. പി.ജെ.യു.പി സ്കൂളിലെ അധ്യാപകരും വിദ്യാർത്ഥികളും പരിശീലകർക്ക് മികച്ച പിന്തുണയാണ് നൽകിയത്.



# Little Kites Activities

## എ ഐ -ബോധവൽക്കരണ ക്ലാസ്

'സർവ്വം എ ഐ മയം': ചാരമംഗലം സ്കൂളിൽ ഹൈസ്കൂളിലെ രക്ഷിതാക്കൾക്കായി എ ഐ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ആധുനിക ലോകത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (AI) പ്രാധാന്യവും സ്വാധീനവും വിളിച്ചോതിക്കൊണ്ട്, ചാരമംഗലം ഗവ. ഡി. വി എച്ച് എസ് എസ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ 'സർവ്വം എ ഐ മയം' എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും എ ഐ സാങ്കേതികവിദ്യയെക്കുറിച്ച് കൃത്യമായ ധാരണ നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിപാടി സംഘടിപ്പിച്ചത്. സ്കൂൾ പി.റ്റി.എ പ്രസിഡന്റ് ശ്രീ. ഗിരി പ്രസാദ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. സാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ ദൈനംദിന ജീവിതത്തിൽ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ച് അദ്ദേഹം സംസാരിച്ചു.ചടങ്ങിൽ സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി മിനി ടീച്ചർ ആശംസകൾ നേർന്നു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ 9 ലെ മാസ്റ്റർ മാധസ് സുജിത്ത്, കുമാരി ഹാരിക,കുമാരി ശ്രീ,ലക്ഷ്മി എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സജീവ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ പരിപാടിയിൽ അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു.ലിറ്റിൽ കൈറ്റ്സ് മെന്റർമാരായ ശ്രീ .ഷാജി പി ജെ ,ശ്രീമതി വിജുപ്രിയ വി എസ് എന്നിവർ ക്ലാസ് മോനിട്ടർ ചെയ്തു.










# Little Kites Activities

## ഡിജി ഫിറ്റ് - യു. പി വിദ്യാർഥികൾക്കുള്ള കമ്പ്യൂട്ടർ പരിശീലന പരിപാടി



സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ യു പി ക്ലാസിലെ മുപ്പതോളം വിദ്യാർത്ഥികൾക്കായി എല്ലാ മാസവും നടത്തിവരുന്ന കമ്പ്യൂട്ടർ പരിശീലപരിപാടി ഈ മാസം നൽകിയത് 2024-27 ബാച്ചിലെ തെരഞ്ഞെടുക്കപ്പെട്ട 13 സ്റ്റുഡെൻ്റ് ആർ പി മാരാണ്. വിദ്യാർത്ഥികൾ തങ്ങൾക്കു ലഭിച്ച അറിവ് മറ്റുള്ളവർക്ക് പകർന്നു നൽകുന്നു. ജിമ്പ് ഉപയോഗിച്ചുള്ള ഡിജിറ്റൽ painting ക്ലാസുകൾ മാസ്റ്റർ വിമൽസാദ് കൈകാര്യം ചെയ്തു. ലിബറെ ഓഫീസർ റൈറ്റർ ഉപയോഗിച്ച് ടെക്സ്റ്റ് ഫോർമാറ്റിംങ് മാസ്റ്റർ മാധവ് സുജിത്തിൻ്റെ നേതൃത്ത്വത്തിൽ പരിശീലിപ്പിച്ചു. ആൻഡ്രേഴ്സ് പെരേര, ശ്രീഹരി കെ ആർ, സഞ്ജയ്, ശ്രീ നന്ദ്,ദേവനാദൻ എച്ച്, ദേവനാരയണൻ ബി.കെ,
ഹാരിക ,അഭിഷേക്,കാശിനാദ്,ദേവനാരായണൻ ,അനന്തകൃഷ്ണൻ എസ് തുടങ്ങി വിദ്യാർഥികൾ ക്ലാസിൽ സഹായിച്ചു.കൈറ്റ് മാസ്റ്റർ ശ്രീ . ഷാജി പി ജെ ക്ലാസ് മോണിട്ടർ ചെയ്തു.





# Little Kites Activities

## ലിറ്റിൽകൈറ്റ്സ് ക്യാമ്പ് - പങ്കാളിത്തം



2023 - 26 LK ബാച്ചിൽ നിന്ന് 8 കുട്ടികൾ അനിമേഷൻ / പ്രോഗ്രാമിങ് വിഭാഗങ്ങളിൽ നിന്നായി ഈ വർഷത്തെ സബ്ജില്ലാ ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു അനന്തകൃഷ്ണൻ പി , മിത്ര കൃഷ്ണ ഏ പി , വൈശാഖ് പി വി , പ്രയാഗ് പി എന്നിവർ പ്രോഗ്രാമിങ് വിഭാഗത്തിലും അദ്വൈത് എസ് ദിവാകർ , ബാലഗോപാൽ എം ബി , ഗൗരിജിത്ത് എം. അജേഷ് , സാന്ദ്ര പി വി എന്നിവർ അനിമേഷൻ വിഭാഗത്തിലും പങ്കെടുത്തു. ചേർത്തല SNM Govt. Boys HSS ൽ വെച്ച് നവംബർ 23, 24 തീയതികളിൽ നടന്ന സബ്ജില്ലാ ക്യാമ്പിൽ നിന്ന് ബാലഗോപാൽ എം ബി ജില്ലാ ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. അർത്തുങ്കൽ GRFTHS ൽ വെച്ച് ഡിസംബർ 27 , 28 തീയതികളിൽ നടന്ന അനിമേഷൻ വിഭാഗം ജില്ലാ ക്യാമ്പിൽ നിന്ന് ബാലഗോപാൽ എം ബി സംസ്ഥാന ക്യാമ്പിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടി. 2025 ഫെബ്രുവരി 8, 9 തീയതികളിൽ CFOSS, തിരുവനന്തപുരത്ത് വെച്ച് നടന്ന സംസ്ഥാന ക്യാമ്പിൽ പങ്കെടുത്ത ബാലഗോപാലിനെ സ്കൂൾ പഠനോത്സവത്തിൽ അനുമോദിച്ചു.




2025–26 ലിറ്റിൽ കൈറ്റസ് സംസ്ഥാന ക്യാമ്പിലേക്ക് ആനിമേഷൻ
വിഭാഗത്തിൽ തിരഞ്ഞെടുക്കപ്പെട്ട വിമൽസാദിന് അഭിനന്ദനങ്ങൾ
Congratulations!

# ലിറ്റിൽ കൈറ്റ്സ് പോസ്റ്റർ നിർമ്മാണം-സ്കൂൾ പ്രവർത്തനങ്ങൾ













ADHARAV 2025
GOVT. D V H S S CHARAMANGALAM


KIDS FEST 2K25
GOVT DVHSS
CHARAMANGALAM


school election
2025-26
G D V H S S
Charamangalam


ANTI DRUG DAY
GOVT.D.V.H.S.S Charamangalam


വായന ദിനം
ഗവ ഡി വി എച്ച്എസ് എസ്,


Yoga day
VHSS, CHARAMANGALAM


NJARU NADAL
Govt.DVHSS CHARAMANGALAM


ANTI DRUG DAY
GDVHSS CHARAMANGALAM


BALA VELA
VIRUDHA DHINAM
G.D.V.H.S.S CHARAMANGALAM


KARA KRISHI
GOVT DVHSS, CHARAMANGA


VARNNOLSAVAM-2025
GOVT. DVHSS,CHARAMANGALAM


NATIONAL UNITY DAY
Govt.DVHSS CHARAMANGALAM


നോളജ് ഹണ്ടർ ക്വിസ്
2025-26
സോഷ്യൽ സയൻസ് ക്ലബ്ബ്
ഗവ. ഡി വി എച്ച് എസ് എസ് ,ചാരമംഗലം


Kalolsavam
GDVHSS Charamangalam


READING DAY
GOVT D V H S S
CHARAMANGALAM


റോബോട്ടിക്ക് പരിശീലനം
ഗവ ഡി വി എച്ച് എസ് എസ്,ചാരമംഗലം


പച്ചക്കറി-മത്സ്യവിളയെടുപ്പ്
സീഡ് ക്ലബ്ബ്
ഗവ ഡി വി എച്ച് എസ് എസ്,ചാരമംഗലം


GOVT. DVHSS CHARAMANGALAM
കേരള സ്കൂൾ
അത്‌ലറ്റിക് മീറ്റ് 2025 ലെ
വേഗതാരങ്ങൾ


LITTLEKITES NEWS PAPER
WRITE CLICK


എസ് പി സി നേച്ചർ ക്യാമ്പ് 2025


എസ് എസ് എൽ സി പഠന ക്യാമ്പ് 2025
ഗവ ഡി വി എച്ച് എസ് എസ്,ചാരമംഗലം


ANTI DRUG DAY
GDVHSS CHARAMANG


CHILDRENS DAY
H.S.S Charamangalam


KNOWLEDGE HUNTER
Govt DVHSS Charamangalam


YOGA DAY
GOVT.DVHSS CHARAMANGALAM


പഠന യാത്ര


Govt. D V H S S
Charamangalam
2024-25 അദ്ധ്യയന വർഷത്തെ
NMMS SCHOLARSHIP


Medical Camp
Govnt D V H S S Charamangalam


ANTI - DRUG DAY
DVHSS CHARAMANGALAM
2025-26

# Student's Literary Works

## Bird and Squirrel

Once upon a time,in a forest,a kind squirrel named Sam found an injured bird. Instead of ignoring it, Sam gently cared for the bird until it could fly again.Being grateful, the bird promised to help Sam whenever, needed.One day, a storm blew through the forest ,and Sam's home was destroyed.The bird seeing the Squirrel, Sam in trouble and gathered other birds to help rebuild the squirrel 's home. From then on ,Sam and the bird remained best friends, always helping each other and showing the power of kindness and team work .

**Lekshminandana 5A**



# Student's Literary Works

## The Train That Never Stopped

It was a golden hour in Calcutta. I was waiting for my Train back to Alappuzha within the duration of few months, I learned about life, I learned about what it really means.The people,The culture,The Festivals and so on. After I got Failed in my 12th Board Exam, I went through a Depression, Literally I got isolated from the society. I was all alone,But my parents didn't give up on me. One day my father came to me and said . "Hey , I know you are going through hard time,But , My son ,You have to go through some bad days to get the best days of our life".I will book you some tickets for you to travel all around. "Go learn some life, but you have to come back here". For me, It was a Life-Lightening words. They dropped me at the Railway station. And for 6 months I know what it really means in our life.I travelled all over India,The festivals in Gujarat lightened my Heart,The golden Temple in Punjab lightened my Brain.I learned There was so many things that is important than mark.I feel very relaxed and free now,Literally cultures taught me how to handle Problems in life.I really missed my home.At last, My train arrived at night.I checked in to my Compartment and I lied on my couch.I can't wait to get back to my home.I dreamed all night about getting back to my home , And that night also

passed.When I woke up, I got frustrated,afraid, I didn’t knew what to do next.The train was in Selam,Chennai.I had  many ideas in my head to escape this hell like inferno.I bought a chai from the stop.I drank it with fear.Fear locked all my thoughts.Suddenly I felt very suspicious about the train . After Selam,The train didn’t stopped at any other station.My fear was at the Everest!.I asked so many people about the train.But they didnt even had no idea about my language.I feared about my parents.I was starving literally.I dont’t know what is going to happen next.I took a nap with fear,suddenly, I heard some voices of the  next compartment .,I ran fastly to that compartment.It was some Punjabi who was locked like others.But i didnt see a pinch of fear in their faces,They were happy.They grabbed my hand and forced me to join their group.I happily joined, I forgot about what the word means.I sang and danced for hours for hours.Suddenly the train stopped! I didn’t felt anything , I got down slowly but something was pulling me back.I was in desperate state.I really blacked out ,But I was running to take an Auto to home.I sometimes miss  those moments.But it was really an inferno

**Govind Padmakumar 10 A**



# My Favourite Season

When the winter grass hopper rises
hop whistling that's winter
When the snow falls,
The Love calls life.

The Gift come from North pole,
Its the surprise happiness from heaven.
When the winter falls,
The life will fall to the depths.

When the breeze hit the body,
It cools the heart from hot
When snow falls on your body,
The body get cold to fever

When we get to height,
The heart pressure will get low;
When the winter goes
The joy and happiness is also gone

**AAHIL 10 A**




# Student's Literary Works

## മലയാള നാട്

മാവുകൾ പ്ലാവുകൾ തെങ്ങുകൾ
എങ്ങുംവഴിയോരങ്ങളിൽ നിൽക്കുന്നു

ചന്തം തൂകും നെൽമണികൾ
വയലലേകളിൽ ആടുന്നു
കാക്കിരി പീക്കിരി കുട്ടികളങ്ങനെ
ഓടി ചാടി നടക്കുന്നു.
മുത്തുക്കുടയും ആന പെരുമയും
ഉത്സവമേളം ഇവിടെങ്ങും
താളം തുള്ളും പാട്ടിൻ നൃത്തം
ചുവടുകളൊത്തൊരു കഥകളിയും
പുഞ്ചിരി തൂകും കാട്ടരുവി
മലരണിക്കാടുകൾ ഇവിടെങ്ങും
മുത്തുകൾ തൂകും മലയാളത്തിൽ
ചന്തമെഴുന്നൊരു സംസാരം
ആഹാ ഇവിടൊരു നാടുണ്ടേ
കേരളമൊന്നൊരു നാട്ടിൽ നമ്മൾ
സ്നേഹത്തോടെ കഴിയുന്നെ

**Amritha Ajeesh 7A**




KiteVerse

# Student's Literary Works

## The Positive and Negative impacts of migration.

*Migration is settling on a region from one place to another.Nowadays ,Migration is very common in India ,especially in Kerala, Because they feel very useless in our society after getting graduated.Interstate workers are very common in Kerala,They even shift their childrens education for many reasons like ,better life,better education etc. ,Most well educated people in India are working abroad for better salary. Mostly in Medical field,That's why our medical field is in a Terrible state. India's most prominent engineers and labour workers are still working in well developed countries like USA,Germany,France,etc., People usually migrate for better income.In India How many people are working from abroad?.Literally no one.If you go to the world's most famous Colleges like Harvard and Oxford,We can find at least 50+ Indians there.This shows our failure in education.India has the worst educational system in the world.In india over 52 Lakhs medical errors are happening due to*

*the lack of proper qualification of doctors.The good doctors of our country are working abroad.They do this because they have Intelligence and special skills.There is not even a single student from abroad studying MBBS and Engineering in India. World's $^{4th}$ Wealthiest country can't even produce things for their nation's growth,and this may be the reason people of India are migrating .We have to improve every sectors to stop this.We have to give free education until age of 20.The people who hold powers must be honest in order to make this work.We have to give our generation better life,better qualities,better education.Private limited companies in India charges even 1 crore as fees for studying ,Then how can we create effecient and honest doctors in our poor country!.*

**Govind Padmakumar 10 A**



# Student's Artworks



Lekshminandana PV 5A



Amritha Ajeesh 7A



Sivadev 3A

# Student's Artworks



Adilakshmi 3B



Krishnendu 6C



Arathy P Remesan 6B



Vinayak V 6B

# Student's Artworks



Amritha Ajeesh 7A



Aditi Anoop 3A



Bhagyalekshmi J 3C

# Student's Artworks







By VimalSad.S

KITE VERSE

2025-26 Digital Magazine

# THE END



# THANK YOU

## Govt DVHSS Charamangalam

Thank you for being part of this journey!